# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 2331**

**19.07.2016 - ൽ**
**മറുപടിക്ക്**

**പടന്നക്കാട് കാർഷിക കോളേജിലെ അദ്ധ്യാപക ക്ഷാമം പരിഹരിക്കാൻ നടപടി**

| **ചോദ്യം**<br>**ശ്രീ.എം. രാജഗോപാലൻ** | **മറുപടി**<br>**ശ്രീ.വി.എസ്.സുനിൽ കുമാർ**<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| **എ)** കാർഷിക യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കാസർഗോഡ് ജില്ലയിലെ പടന്നക്കാട് കാർഷിക കോളേജിലെ അദ്ധ്യാപക ക്ഷാമം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | **എ)** കേരള കാർഷിക സർവ്വകലാശാലയുടെ 03/03/2016 തിയ്യതിയിലെ ജിഎ/കെ1/34376/2012-ാം നമ്പർ വിജ്ഞാപന പ്രകാരം അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ ഒഴിവുകളിലേയ്ക്ക് അപേക്ഷ ക്ഷണിച്ചിരുന്നു. എന്നാൽ ഇതു സംബന്ധിച്ച് ശ്രീ. പ്രസാദ്.വി.ആർ. നൽകിയ WP(C) നം.10890/2016 കേസിൽ ബഹു. ഹൈക്കോടതി ഉത്തരവ് പ്രകാരം സ്റ്റേ ഉള്ളതിനാൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേയ്ക്ക് നിയമന നടപടികൾ സ്വീകരിക്കുന്നതിന് നിലവിൽ തടസ്സമുണ്ട്. ഈ കേസിൽ നിലവിലുള്ള സ്റ്റേ പിൻവലിക്കുന്ന നടപടികൾ സ്വീകരിച്ച് പടന്നക്കാട് കാർഷിക കോളേജിലേതടക്കമുള്ള അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. |
| **ബി)** ഈ കോളേജിൽ എം.എസ്.സി. അഗ്രികൾച്ചർ കോഴ്സ് അനുവദിക്കാൻ നടപടി ഉണ്ടാകുമോ; | **ബി)** കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള പടന്നക്കാട് കാർഷിക കോളേജിൽ ഇപ്പോൾ എം.എസ്.സി. അഗ്രികൾച്ചർ കോഴ്സ് നിലവിലുണ്ട്. |

**സെക്ഷൻ ഓഫീസർ**